കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തിരൂർ ബ്ലോക്ക് പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം(4)/556/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

തിയ്യതി 10-04-2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തിരൂർബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തിരൂർ ബ്ലോക്ക്പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

*********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**സീനിയർ ഡെപ്യൂട്ടി**

**ഡയറക്ടർ**

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)
2. അസി.ഡവലപ്പ്മെൻററ് കമ്മീഷണർ (ജനറൽ), മലപ്പുറം.

3. അസി.ഡവലപ്പ്മെൻറ് കമ്മീഷണർ (പെർഫോമൻസ് ), മലപ്പുറം.
4. കാര്യാലയ പ്രതി.

എൽ.4/19

നം. കെ.എസ്.എ.എം.പി.എം.(4)/556/19

തിയ്യതി: 10-04-2019

**മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.11.2017 മുതൽ 06.3.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് നടത്തിയതിൻറെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.സുധാദാസ്,സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 7.3.2019 മുതൽ 16.3.2019 വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ. നസ്സീർ .ടി.കെ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.അബ്ദുൾ ഗഫൂർ. | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷാജഹാൻ ഖുറൈശി | അസി.ഓഡിറ്റ് ഓഡിസർ |

**നിർവഹണാധികാരികൾ**

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി ഹഫ്സത്ത്.ആർ.കെ | 01.04.2017 മുതൽ 31.03.2018 വരെ |

**സെക്രട്ടറി**

| | |
|---|---|
| ശ്രീ.രാമദാസ്.എം.പി | 01.04.2017 മുതൽ 08.05.2017 വരെ |
| | |

| | |
|---|---|
| ശ്രീ.സറഫുദ്ധീൻ.എം | 09.05.2017 മുതൽ 18.5.2017 വരെ |
| ശ്രീമതി.കെ.അജിത | 19.5.2017 മുതൽ 04.07.2017 വരെ |
| ശ്രീമതി.മെൽവിൻ.സി.എഫ് | 05.07.2017 മുതൽ 09.10.2017 വരെ |
| ശ്രീമതി.ആതിര.എ | 10.10.2017 മുതൽ 12.01.2018 വരെ |
| ശ്രീ.അനീഷ്.എസ് | 13.01.2018 മുതൽ 16.02.2018 വരെ |
| ശ്രീമതി.ആതിര.എ | 17.02.2018 മുതൽ 31.03.2018 വരെ |

**നിർവഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| എ.ഇ.ഇ | ശ്രീമതി.ഷൈബിജോർജ്ജ് | 01.04.2017മുതൽ 19.9.2017വരെ |
| -ടി- | ശ്രീ.മണികണ്ഠകുമാർ | 20.9.2017മുതൽ 09.11.2017വരെ |
| -ടി- | ശ്രീമതി.ജ്യോതിവിദ്യാധരൻ | 10.11.2017മുതൽ 31.03.2018വരെ |
| അസി.എഞ്ചിനിയർ | ശ്രീമതി.സബീന.എം | 01.04.2017മുതൽ 21.10.2017വരെ |
| -ടി- | ശ്രീമതി.സിനു.എൻ | 22.10.2017മുതൽ 31.3.2018വരെ |
| എ.ഡി.എ (കൃഷി) | ശ്രീ.ജോമോൻ ജോസഫ് | 01.04.2017മുതൽ04.7.2017വരെ |
| - ടി- | ശ്രീ.വിനയൻ.എം.വി | 05.7.2017മുതൽ 17.07.2017വരെ |
| - ടി- | ശ്രീമതി.സുഷമ.കെ.പി | 18.7.2017മുതൽ 09.11.2017വരെ |
| - ടി- | ശ്രീ.രാജേഷ്കുമാർ.എസ്. | 10.11.2017മുതൽ 31.03.2018വരെ |
| സി.ഡി.പി.ഒ | ശ്രീമതി.രമ.ഒ.പി | 01.04.2017മുതൽ31.03.2018വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ.മുജീബ് റഹ്മാൻ | 1.04.2017 മുതൽ 31.3.2018വരെ |
| വ്യവയായ വികസന ഓഫീസർ | ശ്രീ.വിനോദ്.വി | 01.04.2017മുതൽ 31.03.2018വരെ |
| ഡി.ഇ.ഒ | ശ്രീ.അബ്ദുൾ മഹറൂഫ്. | 01.04.2017മുതൽ 31.03.2018വരെ |

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് | 1-3 |

| | | |
|---|---|---|
| | നല്കിയതിന്റെ വിവരം. | |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | സാമൂഹ്യ ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| **ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ** | | |
| 13 | ടെണ്ടർ ഫീ തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം | 2-1 |
| **ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ** | | |
| 14 | റോഡ് പ്രവർത്തി-കരാറുകാരന് 59217/-രൂപ അധികം നൽകി. | 3-1 |
| 15 | വെട്ടം, പുറത്തൂർ സി.എച്ച്.സി.കൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - അപാകതകൾ | 3-2 |
| 16 | വെട്ടം ശാന്തി സ്പെഷൽ സ്കൂളിന് ഉപകരണം , ഫർണിച്ചർ - അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. | 3-3 |
| 17 | തിരൂർ ശിശുവികസന ഓഫീസിലേക്ക് ഫർണിച്ചർ- അപാകതകൾ | 3-4 |
| 18 | ബ്ലോക്ക് ഓഫിസിന് ഫർണ്ണിച്ചർ വാങ്ങൽ -അപാകതകൾ | 3-5 |
| 19 | ബ്ലോക്ക് ഓഫിസിന് കമ്പ്യൂട്ടർ അനുബന്ധ ഉപകരണം- അപാകതകൾ | 3-6 |
| 20 | കുടിവെള്ള പദ്ധതിയ്ക്ക് ബ്ലോക്ക് വിഹിതം -വിനിയോഗ വിവരം ലഭ്യമാക്കണം | 3-7 |
| 21 | ബ്ലോക്ക് തല പ്ലാസ്റ്റിക്ക് ഷ്രഡിങ് യൂണിറ്റ് നിർമ്മാണം -പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 3-8 |
| 22 | കുടിവെള്ള പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം | 3-9 |
| 23 | പരിരക്ഷ പദ്ധതിയ്ക്ക് വിഹിതം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം | 3-10 |
| 24 | പ്രിൻറിങ് ചാർജ്ജ് -ജി.എസ്.റ്റി ബിൽ ഹാജരാക്കിയിട്ടില്ല | 3-11 |

| | | |
|---|---|---|
| 25 | പഞ്ചായത്തുകൾക്ക് വിഹിതം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം | 3-12 |
| 26 | വെട്ടം, പുറത്തൂർ സി.എച്ച്.സി.കൾക്ക് അവശ്യ മരുന്ന് വാങ്ങൽ - രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. | 3-13 |
| 27 | ഭിന്നശേഷിക്കാകാർക്ക് സ്കോളർഷിപ്പ് വിഹിതം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം | 3-14 |
| 28 | രശീതിയും, വിനിയോഗ വിവരവും ലഭ്യമാക്കേണ്ടതാണ്. | 3-15 |
| 29 | സി.എച്ച്.സി.കൾക്ക് ആവശ്യമായ ലാബ് റിയേജൻറ്സ് വാങ്ങൽ -രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. | 3-16 |
| 30 | പഞ്ചായത്തിന് ക്രീമിറ്റോറിയം പ്ലാൻറിന് വിഹിതം-വിനിയോഗ വിവരം ലബ്യമാക്കണം | 3-17 |
| 31 | സംരംഭകത്വ പ്രോത്സാഹന പദ്ധതി - തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. | 3-18 |
| 32 | HMC - വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. | 3-19 |
| 33 | രേഖകൾ പരിശോധനയ്ക്ക ഹാജരാക്കേണ്ടതാണ്. | 3-20 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ . വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 41 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് , | അനുബന്ധം-1 |

.

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| ബജറ്റ് പാസ്സാക്കിയ തീയ്യതി/നമ്പർ | പരിഷ്കരിച്ച തീരുമാനം /നമ്പർ /തീയ്യതി |
|---|---|
| തീരുമാനം-1 തീയ്യതി -26.3.2017 | തീരുമാനം-1 തീയ്യതി -26.3.2018 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 18.5.2018 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27.6.2018 മുതൽ 28.6.2018 വരെ | കെ.എസ്.എ.എം.പി.എം(4)/1251/18/ തീയ്യതി-12.7.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 45157601 |
| വരവ് | 65447123 |
| ആകെ | 110604724 |
| ചെലവ് | 88724846 |
| നീക്കിയിരിപ്പ് | 21879878 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 39826729 | 39826729 | 36013059 | 3813670 | 90% |
| വികസന ഫണ്ട്-എസ്.സി.പി | 0 | 11363000 | 11363000 | 8318500 | 3044500 | 73 % |
| വികസന ഫണ്ട്- | 0 | 83000 | 83000 | 0 | 83000 | 0% |

| | | | | | | |
|---|---|---|---|---|---|---|
| ടി.എസ്.പി | | | | | | |
| എം.ജി(N.R) | 0 | 4593000 | 4593000 | 3784260 | 808740 | 82% |
| തനത് ഫണ്ട് | 430349 | 6084313 | 6514662 | 6110315 | 404347 | 93% |
| BPFA-1 | 0 | 0 | 0 | 0 | 0 | 0 |
| ട്രഷറി.ടി.എസ്.ബി | 7525314 | 4826275 | 12351589 | 11436060 | 915529 | |
| PYKKA | 35767 | 1332 | 37099 | 0 | 37099 | |
| കാനറ ബാങ്ക് | 19677015 | 24569545 | 44246560 | 41739672 | 2506888 | |
| SMGB-TSC | 2011578 | 338656 | 2350234 | 239337 | 2110897 | |
| PMAY-SC | 3814695 | 9760837 | 13575532 | 8216000 | 5359532 | |
| PMAY share | 11662883 | 26575045 | 38237928 | 28816042 | 9421886 | |
| TSB-jointventure | 0 | 9023000 | 9023000 | 7899300 | 1123700 | |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കി യത് (എണ്ണം) | നടപ്പാക്കാ ത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 79 | 105796348 | 60 | 48303637 | 17 | 02 | 76% |

# 1-7 തൊഴിലുറപ്പ് പദ്ധതി

ഇല്ല

# 1-8 ക്ഷേമ പദ്ധതികൾ

ഇല്ല

# 1-9 ക്യാഷ് പരിശോധന

നടത്തിയിട്ടില്ല

# 1-10 ആഭ്യന്തരനിയന്ത്രണം

ഇലക്ട്രോണിക്ക് ഉപകരണങ്ങൾ,ഫർണ്ണിച്ചർ തുടങ്ങിയവയ്ക്ക് മാന്വൽ നമ്പറിങ് നടത്തി ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ റിപ്പയർ സംബന്ധിച്ച് രജിസ്റ്ററുകളൊ ഗ്യാരൻ്െറി വിവരങ്ങളൊ ലഭ്യമല്ലാത്തതിനാൽ റിപ്പയർ ചെലവുകളുടെ സാധുത പരിശോധിക്കാൻ സാധിച്ചിട്ടില്ല.സെക്രട്ടറിയുടെ ഭൂരിഭാഗം പ്രൊജക്ടുകളും പഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതാണ് .എന്നാൽ വിനിയോഗ സാക്ഷ്യപത്രമോ മോണിട്ടറിങ്ങോ കാര്യക്ഷമമല്ല. പദ്ധതി നിർവ്വഹണം പൂർത്തീകരിച്ച് കഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പുകളിലെ കൺവീനർ ഒഴികെയുള്ള

അംഗങ്ങൾ പദ്ധതിയുടെ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷത്തെ പ്രൊജക്റ്റുകളിലൊന്നും മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ലഭ്യമല്ല. അസ്സി.എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണം നടത്തിയിട്ടുള്ള ഭൂരിപക്ഷം മരാമത്ത് പ്രവർത്തികളുടെ ഫയലിലും പൂർത്തീകരണ തീയതി രേഖപ്പെടുത്തുന്നില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31.12.2018 | 1.1.2018-31.12.2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.1.2015 | 2009-10-2013-14 | 16.4.2015 |

# 1-12 വാർഷിക കണക്ക് പരിശോധന അപാകതകൾ

2017-18 വാർഷിക കണക്ക് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.
(1)2016-17 വാർഷിക കണക്ക് അപാകതകൾ പരിഹരിച്ച് സമർപ്പിച്ചിട്ടില്ല.

(2)വാർഷിക കണക്കുകളോടൊപ്പം പ്രധാനപ്പെട്ട അക്കൗണ്ടിങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

(3)2016-17 വാർഷിക കണക്കുകൾ പ്രകാരം വാടക ഇനത്തിലെ നീക്കിയിരിപ്പ് 111616/-രൂപയാണ്. എന്നാൽ തൻവർഷ ഡിമാൻറ് രജിസ്റ്റർ പ്രാകരം കുടിശ്ശിക 39324/-രൂപയാണ്. (വ്യത്യാസം 72292/-രൂപ )

(4)വാർഷിക കണക്ക് പ്രകാരം കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഹെഡ്ഡിൽ 3218913/-രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കിയ പ്രൊജക്റ്റ് രജിസ്റ്റർ പ്രകാരം ആയത് 1652377/-രൂപ മാത്രമാണ് .

(5)മുൻകൂർ രജിസ്റ്റർ അപൂർണ്ണം. വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

(6)2017-18 വർഷത്തിൽ ആർജ്ജിച്ച ആസ്തികൾ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

(7)എസ്.ബി.എെ യിലെ നിലവിലുള്ള PYKKA അക്കൗണ്ടിൽ (നം-6719197794) ദീർഘ നാളായി ഇടപാടുകൾ നടക്കുന്നില്ല. (31.3.18 ലെ നീക്കിയിരിപ്പ് 37099/-രൂപ) പ്രവർത്തനക്ഷമമല്ലാത്ത അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(8)ചെലവ് വൗച്ചറുകൾക്ക് സാംഖ്യയിൽ നിന്നും PAYMENT ORDER ജനറേറ്റ് ചെയ്ത് വെച്ചിട്ടില്ലാത്തതിനാൽ വൗച്ചർ നമ്പർ/തീയ്യതി എന്നിവ ഇല്ലാത്ത ചെലവ് രേഖകൾ ആണ് സമർപ്പിച്ചിട്ടുള്ളത്.

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ ടെണ്ടർ -ടെണ്ടർ ഫോമിന്റെ വില ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല

2017-18 വർഷത്തിൽ 35 പ്രവർത്തികൾ ഇ ടെണ്ടർ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില 206040/- രൂപ മലപ്പുറം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. മേൽ തുക പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ 10.4.18 -ൽ അസി എഞ്ചിനീയർ എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്ത് മുഖേന ആവശ്യപ്പെട്ടെങ്കിലും തുക ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല. മുൻ വർഷങ്ങളിലേതടക്കമുള്ള തുക ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റോഡ് പ്രവർത്തി-കരാറുകാരന് 59217/-രൂപ അധികം നൽകി.

2017-18 -ൽ എക്സി.എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ "പി.എച്ച്.സി റോഡ് മെറ്റലിംഗ്"എന്ന പ്രവൃത്തി നടപ്പിലാക്കി ഫൈനൽ ബില്ല് നൽകിയപ്പോൾ കരാറുകാരന് തുക അധികം നൽകിയതായി കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണം -അസി.എക്സി.എൻജിനിയർ | പ്രോജക്ട് -പി.എച്ച്.സി റോഡ് മെറ്റലിംഗ് |
| പ്രോജക്ട് നം-25/18 | അടങ്കൽ -500000- (വികസന ഫണ്ട് ) |
| ചെലവ് -417953/-രൂപ | ബിൽ നം.4/14.7.2017 |
| കരാറുകാരൻ -ശ്രീ.ഷംസുദ്ദീൻ (16.4% കുറവിൽ ) | എഗ്രിമെന്റ് നം /AEE/261/16-17 തി.16.1.2017 എംബുക്ക് 16/16-17 |
| <u>കരാറുകാരന് നൽകിയത്</u><br>പ്രവർത്തിമൂല്യം -424585.36<br>(-16.4%) ടെൻണ്ടർ വ്യതിയാനം -69631<br>=417953/-<br>വാറ്റ് (4%) -16718<br>ആദായ നികുതി -4180 | <u>കരാറുകാരന് നൽകാവുന്നത്</u><br>പ്രവർത്തി മൂല്യം -424585.36<br>(-) ടെണ്ടർ വ്യതിയാനം -69631<br>=354954/-<br>വാറ്റ് (4%) -14198<br>ആദായ നികുതി -3549<br>ക്ഷേമ നിധി -3549 |

| | |
|---|---|
| ക്ഷേമ നിധി -4180<br><br>കരാറുകാരന് നൽകിയത് -392875/- | കരാറുകാരന് നൽകാവുന്നത്<br>-333658/- |
| കരാറുകാരന് അധികം നൽകിയത് | 392875-333658=59217/- രൂപ |

ആകെ പ്രവൃത്തി മൂല്യത്തിൽ നിന്ന് ടെണ്ടർ ബിലോ കുറവ് ചെയ്ത് രേഖപ്പെടുത്തിയപ്പോൾ സംഭവിച്ച കാൽക്കുലേഷൻ ഇറർ കാരണമാണ് കരാറുകാരന് അധികം തുക നൽകാൻ ഇടയായത് എന്ന് വ്യക്തമാവുന്നു. മേൽ തുക അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/17-18/8.3.2019) "തുക തിരികെ അടവാക്കുന്നതാണെന്ന്"മറുപടി നൽകിയിട്ടുണ്ട്. അടവ് വിവരം ലഭ്യമാക്കുന്നത് വരെ നിർവ്വഹണോദ്യോഗസ്ഥൻെറ ബാദ്ധ്യതയായി നിലനിർത്തുന്നു.

# 3-2 വെട്ടം, പുറത്തൂർ സി.എച്ച്.സി.കൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - അപാകതകൾ

പ്രൊജക്ട് - വെട്ടം, പുറത്തൂർ സി.എച്ച്.സി.കൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

നം. - S051/18 അടങ്കൽ : 2,63,000 (MG-NR)

ബിൽ നം. 2/27-09-17 തുക : 2,62,500/-

വെട്ടം, പുറത്തൂർ സി.എച്ച്.സി.കൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ സി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ട് പ്രകാരം കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്തതിൻെറ വിലയായി 2,23,000 ഇൻഫോ സിസ്റ്റംസ്, മലപ്പുറത്തിനും, എയർ കണ്ടീഷനറിൻേറയും അനുബന്ധ സാധനങ്ങളുടേയും വിലയായി 39,500 രൂപ യുണൈറ്റഡ് ബിസിനസ് കോർപ്പറേഷൻ, തിരൂരിനും നൽകിയിട്ടുണ്ട്.

പദ്ധതിയുടെ ഫയൽ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രൊക്യൂർമെൻറ് മാർഗ്ഗരേഖ ജി.ഒ.(പി)നം.259/2010/ തസ്വഭവ/08-11-2010 പ്രകാരം 1,00,000 രൂപയിൽ കൂടുതൽ മതിപ്പുവില ഉള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ക്ഷണിക്കേണ്ടതാണ്. ഇതിനായി വ്യാപകമായി പ്രചാരമുള്ള ഒരു മലയാളം ദിനപത്രത്തിലും, ഇംഗ്ലീഷ് ദിനപത്രത്തിലും പരസ്യം നൽകേണ്ടതുണ്ട്. എന്നാൽ മലയാളം ദിനപത്രത്തിൽ മാത്രമാണ് പരസ്യം നൽകിയിട്ടുള്ളത് എന്ന് കാണുന്നു.

2. കേന്ദ്ര ആദായനികുതി നിയമത്തിലെ 194 സി വകുപ്പ് പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തികൾക്ക്, ബില്ലിൽ TAN/PAN നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്ത പക്ഷം, വ്യക്തികളാണെങ്കിൽ ഒരു ശതമാനവും, സ്ഥാപനമാണെങ്കിൽ രണ്ട് ശതമാനവും ആദായ നികുതി ഈടാക്കേണ്ടതാണ്. ആയത് ഈടാക്കിയിട്ടില്ല.

3. സ്റ്റോർ സപ്ലൈ ചെയ്ത സ്ഥാപനത്തിൽ നിന്ന് 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയതിൻെറ വിവരം പരിശോധനക്ക് ലഭ്യമായിട്ടില്ല

4. സപ്ലൈ ചെയ്തിട്ടുള്ളത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ പ്രകാരം ഉള്ളവയാണെന്ന് ടെക്ക്നിക്കൽ അസിസ്റ്റന്റ് സാക്ഷ്യപ്പെടുത്തിയ രേഖ ഹാജരാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച്

നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/17-18/14.3.19 )ന് മറുപടി സമർപ്പിച്ചിട്ടില്ല.

# 3-3 വെട്ടം ശാന്തി സ്പെഷൽ സ്കൂളിന് ഉപകരണം, ഫർണിച്ചർ - അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്റ്റ് – വെട്ടം ശാന്തി സ്പെഷൽ സ്കൂളിന് ഉപകരണം, ഫർണിച്ചർ വാങ്ങൽ

പ്രൊജക്റ്റ് നം. – S0076/18 അടങ്കൽ – 1,12,805 (പ്ലാൻ-ജനറൽ)

ബിൽ നം. – 1/27-09-17 : 1,12,805/- നിർവ്വഹണം -സി.ഡി.പി.ഒ

സി.ഡി.പി.ഒ. നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പ്രൊജക്റ്റിൻെറ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു –

1.വെട്ടം ശാന്തി സ്പെഷൽ സ്കൂൾ സർക്കാർ അംഗീകൃതമാണോ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനമാണോ എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടില്ലാത്ത വെട്ടം ശാന്തി സ്പെഷൽ സ്കൂളിന് വേണ്ടി പദ്ധതികൾ നടപ്പിലാക്കാൻ ആധാരമാക്കിയ അനുമതി ഉത്തരവ് ഹാജരാക്കിയിട്ടില്ല.

2. കേന്ദ്ര ആദായനികുതി നിയമത്തിലെ 194 സി വകുപ്പ് പ്രകാരം 30000/- രൂപയ്ക്കു മേലുള്ള കരാർ പ്രവർത്തികൾക്ക്, ബില്ലിൽ TAN/PAN നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്ത പക്ഷം, വ്യക്തികളാണെങ്കിൽ ഒരു ശതമാനവും, സ്ഥാപനമാണെങ്കിൽ രണ്ട് ശതമാനവും ആദായ നികുതി ഈടാക്കേണ്ടതാണ്. ആയത് ഈടാക്കിയിട്ടില്ല.

3. കേരളാ സ്റ്റേറ്റ് ഐ.ടി.മിഷൻ നൽകുന്ന സ്പെസിഫിക്കേഷൻ പ്രകാരം ലാപ്ടോപ്പുകൾക്ക് 3 വർഷത്തെ വാറണ്ടി ഉറപ്പാക്കേണ്ടതുണ്ട്. എന്നാൽ കമ്പ്യൂട്ടർ വിതരണം ചെയ്ത ഫൗസിയ ഗ്രൂപ്പ്, കൊണ്ടോട്ടി 1 വർഷത്തെ വാറണ്ടിയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപാകതകൾക്ക് നൽകിയ എൻക്വയറി (നം-16/17-18/12.3.19)ക്ക് ലഭ്യമാക്കിയ മറുപടിയിൽ “സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ 10.05.2017 ലെ യോഗതീരുമാനപ്രകാരമാണ് പ്രൊജക്റ്റ് നിർവ്വഹണം നടത്തിയത് ”എന്നറിയിച്ചിട്ടുണ്ട്. യോഗതീരുമാനത്തിൻെറ ഉത്തരവ് ഹാജരാക്കേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു.

# 3-4 തിരൂർ ശിശുവികസന ഓഫീസിലേക്ക് ഫർണിച്ചർ- അപാകതകൾ

പ്രൊജക്റ്റ് – തിരൂർ ശിശുവികസന ഓഫീസിലേക്ക് ഫർണിച്ചർ പ്രൊജക്റ്റ് നം. – S0038/18

അടങ്കൽ : 1,00,000 (MG-NR) ബിൽ നം. : 3/27-09-17 : 97,664/-

സി.ഡി.പി.ഒ. നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ശിശുവികസന ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ പ്രൊജക്റ്റിൻെറ ഭാഗമായി വിവിധ ഫർണിച്ചറുകൾ വിതരണം ചെയ്തതിൻെറ വിലയായി 97,664 /-രൂപ വുഡ് ലാൻറ് ഫർണിച്ചർ ഷോപ്പി, തിരൂരിന് നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു –

1. കേന്ദ്ര ആദായനികുതി നിയമത്തിലെ 194 സി വകുപ്പ് പ്രകാരം 30000/- രൂപയ്ക്കു മേലുള്ള കരാർ പ്രവർത്തികൾക്ക്, ബില്ലിൽ TAN/PAN നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്ത പക്ഷം, വ്യക്തികളാണെങ്കിൽ ഒരു ശതമാനവും, സ്ഥാപനമാണെങ്കിൽ രണ്ട് ശതമാനവും ആദായ നികുതി ഈടാക്കേണ്ടതാണ്. ആയത് ഈടാക്കിയിട്ടില്ല.

2. വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അനുമതി ലഭ്യമായതിൻെറ രേഖകളും ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. തുക 97,664/-രൂപ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം.17/17-18/12.3.19) സമർപ്പിച്ച മറുപടിയിൽ "നേരിട്ട് വാങ്ങുന്ന സംഗതിയിൽ ആദായ നികുതി ഈടാക്കേണ്ടതില്ല"എന്ന മറുപടി അംഗീകരിക്കുന്നില്ല. തദ്ദേശ സ്ഥാപനങ്ങൾ നടത്തുന്ന വാങ്ങലുകൾക്ക് പ്രൊക്യൂർമെൻറ് മാന്വൽ, സ്റ്റോർ പർച്ചേസ് മാന്വൽ എന്നിവ ബാധകമാണ്. ആയത് പാലിച്ച് വാങ്ങലുകൾ നടത്തേണ്ടതാണ്.

# 3-5 ബ്ലോക്ക് ഓഫീസിന് ഫർണ്ണിച്ചർ വാങ്ങൽ -അപാകതകൾ

| | |
|---|---|
| പ്രോജക്ട് -11/18 | പേര് -ബ്ലോക്ക് ഓഫസിന് ഫർണ്ണിച്ചർ |
| അടങ്കൽ -250000 (MGNR) | ചെലവ് -246080/-രൂപ |
| നിർവ്വഹണം -സെക്രട്ടറി | ബിൽ നം-13/17-18/27.9.2017 |
| എക്സിക്യൂട്ടിവ് കസേര -5<br>കുഷ്യൻ കസേര -30<br>മേശ -5 | <u>ടെണ്ടറിൽ പങ്കെടുത്തവർ നിരക്ക്</u><br>(1)FIDCO ഒളവണ്ണ, കോഴിക്കോട് - 254730<br>(2)KADCO കോഴിക്കോട് - 249020<br>(3)വുഡ് ലാൻറ് ഫർണ്ണിച്ചർ, തെക്കുംമുറി -246080 |

(1)ഇതിൽ KADCO യ്ക്ക് ടെണ്ടർ കൂടാതെ ഫർണ്ണിച്ചർ വാങ്ങാവുന്നതാണെന്ന് സർക്കാർ ഉത്തരവ് (GO(RT)6/2016/SPD/30.1.2016) വ്യക്തമാക്കിയിട്ടുണ്ട്. ആയത് പരിഗണിച്ചിട്ടില്ല.

(2)ക്രമ നം (1), (2) സർക്കാർ ഉടമസ്ഥതയിലുള്ള (അർദ്ധ സർക്കാർ) സ്ഥാപനങ്ങളാണ്. ആയതിനാൽ പ്രൈസ് പ്രിഫറൻസ് നൽകാവുന്നതാണ്. ആയത് പരിഗണിച്ചിട്ടില്ല.

(3)ടെണ്ടർ ലഭിച്ച സ്ഥാപനം (വുഡ് ലാൻറ് ഫർണ്ണിച്ചർ, തെക്കുംമുറി) 5 % സെക്യൂരിറ്റി ഡപ്പോസിറ്റ് അടവാക്കിയിട്ടില്ല. (12500/ -EMD കുറച്ച തുക )

(4)കേന്ദ്ര ആദായ നികുതി നിയമത്തിലെ 194 -സി വകുപ്പ് പ്രകാരം 30000/-രൂപയ്ക്ക് മേൽ ഉള്ള കരാർ പ്രവർത്തികൾക്ക് നൽകുന്ന ബില്ലിൽ PAN/TAN നമ്പർ എന്നിവ രേഖപ്പെടുത്താത്ത പക്ഷം വ്യക്തികൾ ആണെങ്കിൽ 1% വീതവും സ്ഥാപനമാണെങ്കിൽ 2% വീതവും ആദായ നികുതി ഈടാക്കി അടവാക്കിയിരിക്കണം. ആയത് പാലിച്ചിട്ടില്ല. ടി സ്ഥാപനത്തിന് ബല്ലിൽ നിന്നും 2% ആദായനികുതി ഈടാക്കി അടവാക്കിയിട്ടില്ല. (സ്ഥാപന പാൻ നമ്പർ -AABFW4581H )

(5)MG(NR) ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് മാത്രമേ അറ്റകുറ്റപ്പണികൾ, അടിസ്ഥാന സൗകര്യവികസനം എന്നിവ നടത്തുന്നതിന് മാർഗ്ഗരേഖയിൽ വ്യവസ്ഥയുള്ളു. ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

(6)മോണിട്ടറിങ് റിപ്പോർട്ട്, പ്രൊക്യൂർമെൻറ് മിനിറ്റ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ

ഹാജരാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ -2/17-18/11.3.2019) ക്ക് സമർപ്പിച്ച മറുപടിയിൽ 'നേരിട്ട് വാങ്ങുന്ന ഉത്പ്പന്നങ്ങൾക്ക് ആദായ നികുതി ഈടാക്കേണ്ടതില്ല ' എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. സർക്കാർ വാങ്ങലുകൾക്ക് പ്രൊക്യൂർമെൻറ് മാന്വൽ പ്രകാരവും അതിൽ പ്രത്യേകം പരാമർശിക്കാത്തവ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പ്രകാരവും ആയിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. ആയത് പാലിക്കാൻ തദ്ദേശസ്ഥാപനം ബാദ്ധ്യസ്ഥരാണ്.

# 3-6 ബ്ലോക്ക് ഓഫിസിന് കമ്പ്യൂട്ടർ അനുബന്ധ ഉപകരണം-അപാകതകൾ

| | |
|---|---|
| പ്രോജക്ട് -10/18 | പേര് -ബ്ലോക്ക് ഓഫിസിന് കമ്പ്യൂട്ടർ അനുബന്ധ ഉപകരണം |
| അടങ്കൽ -350000 (MG.NR ) | ചെലവ് -333200/- |
| നിർവ്വഹണം -സെക്രട്ടറി | ബിൽ നം-12/17-18/27.9.2017 |
| കമ്പ്യൂട്ടർ -4 എണ്ണം<br>പ്രിൻറർ -3 എണ്ണം<br>പ്രൊജക്ടർ -1 എണ്ണം | <u>പങ്കെടുത്തവർ നിരക്ക്</u><br>കാൻഡിഡ് സിസ്റ്റംസ്, പെരിന്തൽമണ്ണ - 333200 /-<br>മൈക്രോസ്, മഞ്ചേരി - 339400/- |

(1)ടെണ്ടർ ലഭിച്ച സ്ഥാപനം (കാൻഡിഡ് സിസ്റ്റംസ്, പെരിന്തൽമണ്ണ) 5 % സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കിയിട്ടില്ല. (17500/ -EMD കുറച്ച തുക )

(2)MGNR ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് മാത്രമേ ആസ്തികൾ വാങ്ങാൻ വ്യവസ്ഥയുള്ളൂ. (പദ്ധതി മാർഗ്ഗരേഖ GO (MS )NO-11/2018/LSGD/29.1.2018, GO (MS)NO-330/2004/LSGD/9.12.2004 എന്നിവ കാണുക)

(3)TA യുടെ സർട്ടിഫിക്കറ്റ് ഇല്ല (സ്പെസിഫിക്കേഷൻ പ്രകാരം ഉള്ളതാണെന്ന് )

(4) കമ്പ്യൂട്ടർ 3 വർഷം, പ്രിൻറർ 1 വർഷം, പ്രൊജക്ടർ 1 വർഷം വീതമുള്ള ഗ്യാരൻറി കാർഡ് ഹാജരാക്കിയിട്ടില്ല.

(5) മോണിട്ടറിങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. തുക 333200/- രൂപ തടസ്സപ്പെടുത്തുന്നു

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ -3/17-18/11.3.2019) ക്ക് സമർപ്പിച്ച മറുപടിയിൽ 'നേരിട്ട് വാങ്ങുന്ന ഉത്പ്പന്നങ്ങൾക്ക് ആദായ നികുതി ഈടാക്കേണ്ടതില്ല ' എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. സർക്കാർ വാങ്ങലുകൾക്ക് പ്രൊക്യൂർമെൻറ് മാന്വൽ പ്രകാരവും അതിൽ പ്രത്യേകം പരാമർശിക്കാത്തവ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പ്രകാരവും ആയിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. ആയത് പാലിക്കാൻ തദ്ദേശസ്ഥാപനം ബാദ്ധ്യസ്ഥരാണ്.

# 3-7 കുടിവെള്ള പദ്ധതിയ്ക്ക് ബ്ലോക്ക് വിഹിതം -വിനിയോഗ വിവരം ലഭ്യമാക്കണം

തൃപ്പങ്ങോട് ഗ്രാമപഞ്ചായത്തിന് 2017-18 ൽ കുടിവെള്ള പദ്ധതിയ്ക്കായി (കറുത്തേടത്ത് കുടിവെള്ള

പദ്ധതി) താഴെ പറയുന്ന പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് -94/18 | പേര് -കറുത്തേടത്ത് കുടിവെള്ള പദ്ധതി തൃപ്പങ്ങോട് ഗ്രാമ പഞ്ചായത്ത് |
| അടങ്കൽ -500000 (പ്ലാൻ .ജ ) | ചെലവ് -500000/- |
| നിർവ്വഹണം -സെക്രട്ടറി | ബിൽ നം-28/17-18/18.1.2018 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ -4/17-18/11.3.2019) ക്ക് സമർപ്പിച്ച മറുപടിയിൽ 'ആയത് ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ലഭ്യമാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

# 3-8 ബ്ലോക്ക് തല പ്ലാസ്റ്റിക്ക് ഷ്രഡിങ് യൂണിറ്റ് നിർമ്മാണം -പദ്ധതി പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ട് -100/18 | പേര് -ബ്ലോക്ക് തല പ്ലാസ്റ്റിക്ക് ഷ്രഡിങ് യൂണിറ്റ് |
| അടങ്കൽ -790000 (പ്ലാൻ) നിർമ്മൽ ഫണ്ട് 500000 | ചെലവ് -790000/- |
| നിർവ്വഹണം -സെക്രട്ടറി | ബിൽ നം-52/17-18/24.3.2018 |
| പൂർത്തികരണ സാക്ഷ്യപത്രം (AEXEയുടെ) ഇല്ല | സേവന ദാദാവായ ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് തുക നൽകിയതിൽ 2 % ആദായ നികുതി ഈടാക്കി അടവാക്കിയിട്ടില്ല. പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കപ്പെട്ടിട്ടില്ല |

താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(1)മോണിട്ടറിങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

(2)പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

(3)നിലവിൽ മെഷിനറികൾ ഷെഡിൽ സൂക്ഷിച്ചിരിക്കുകയാണ്.

(4) വൈദ്യുത കണക്ഷൻ ലഭ്യമായിട്ടില്ല

(5)ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം-5/17-18/11.3.2019) സമർപ്പിച്ച മറുപടിയിൽ "പദ്ധതി പൂർത്തീകരിക്കുന്നതിന്ന് തദ്ദേശവാസികളുടെ എതിർപ്പ് കാരണമായി"എന്നറിയിച്ചിട്ടുണ്ട്.

ദീർഘ വീക്ഷണമില്ലാതെയും മുന്നൊരുക്കങ്ങൾ നടത്താതെയും ഉള്ള പദ്ധതി നിർവ്വഹണം പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്താൻ ഇടയാവും. എത്രയും പെട്ടെന്ന് പദ്ധതി പൂർത്തീകരിക്കുകയോ വാങ്ങിയ ഉപകരണങ്ങൾ പാഴ്ചെലവാകുന്നില്ല എന്ന് ഉറപ്പ് വരുത്താൻ ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയോ ചെയ്യേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു.

# 3-9 കുടിവെള്ള പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

| | |
|---|---|
| പ്രോജക്ട് -8/18 | പേര് -കുടിവെള്ള പദ്ധതി<br>-പഞ്ചായത്തുകൾക്ക് വിഹിതം |
| അടങ്കൽ -2463000 (പ്ലാൻ SCP ) | ചെലവ് -1863000/ |
| നിർവ്വഹണം -സെക്രട്ടറി | ബിൽനം-21/17-18/18.11.2017- 1000000/-<br>ബിൽ നം-30/17-18/18.1.2018 -863000/- |
| പഞ്ചായത്ത് സെക്രട്ടറിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | മംഗലം ഗ്രാ.പ -1000000/- (പ്രൊ.നം 198/18)<br>തലക്കാട് ഗ്രാ.പ -863000/- (പ്രൊ.നം 262/18 -, 263/18) |

പൂർത്തീകരണം സംബന്ധിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ -6/17-18/11.3.2019) ക്ക് സമർപ്പിച്ച മറുപടിയിൽ 'ആയത് ലഭ്യമാക്കമെന്ന് അറിയിച്ചിട്ടുണ്ട്. ലഭ്യമാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

# 3-10 പരിരക്ഷ പദ്ധതിയ്ക്ക് വിഹിതം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

| | |
|---|---|
| പ്രോജക്ട് -4/18 | പേര് -പരിരക്ഷ പദ്ധതി<br>-പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ |
| അടങ്കൽ -2265000 (പ്ലാൻ -ജനറൽ ) | ചെലവ് -2265000/- |
| നിർവ്വഹണം -സെക്രട്ടറി | ബിൽ നം-11/17-18/19.9.2017-1410833<br>ബിൽ നം-29/17-18/18.1.2018 -200000<br>ബിൽ നം-35/17-18/30.1.2018 -454167<br>ബിൽ നം-38/17-18/23.2.2018 -200000 |

| | |
|---|---|
| പഞ്ചായത്ത് സെക്രട്ടറിമാരുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | മംഗലം ഗ്ര.പ -200000/-<br>തലക്കാട് ഗ്ര.പ -610833/-<br>വെട്ടം ഗ്ര.പ -400000/-<br>പുറത്തൂർ ഗ്ര.പ -400000/-<br>തിരുനാവായ ഗ്രാ.പ -200000/-<br>തൃപ്പങ്ങോട് ഗ്ര.പ -454167/- |

പഞ്ചായത്തുകളിൽ പരിരക്ഷ പദ്ധതി നടപ്പിലാക്കുന്നതിൻെറ ഭാഗമായി പഞ്ചായത്തുകൾക്ക് ബ്ലോക്ക് വിഹിതം നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു.

# 3-11 പ്രിന്റിങ് ചാർജ്ജ് -ജി.എസ്.റ്റി ബിൽ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് -18/18 | പേര് -പദ്ധതി ആസൂത്രണം |
| അടങ്കൽ -150000/- (തനത് ഫണ്ട്) | ചെലവ് -83386/- |
| നിർവ്വഹണം – സെക്രട്ടറി | വൗച്ചർ നമ്പർ-21700440/12.12.17 |
| തുകയ്ക്ക് കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല | കറുകയിൽ പ്രിൻേറഴ്സ്, തിരൂർ ന് 63200/-രൂപ നൽകിയതിന് GST/VAT രജിസ്ട്രേഷൻ അടങ്ങിയ ബിൽ ഹാജരാക്കിയിട്ടില്ല. ഹാജരാക്കാത്ത പക്ഷം GST ഇനത്തിൽ 18 ശതമാനം ഈടാക്കി അടാവാക്കേണ്ടതാണ്. തുക 63200/-രൂപ തടസ്സപ്പെടുത്തുന്നു. |

(2)ഒരു തദ്ദേശഭരണ സ്ഥാപനം അതിന്റെ പ്രദേശത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും (വിഭവ സ്രോതസ്സ് ഏത് തന്നെ ആയിരുന്നാലും) പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ് എന്നും, പദ്ധതിയിൽ ഉൾപെടുത്താതെ തനത് ഫണ്ട് ഉപയോയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ ചെയ്യാൻ പാടില്ലായെന്നും അങ്ങിനെ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാങ്കേതികാനുമതി നൽകാൻ പാടില്ല എന്നും 12-ാം പദ്ധതി സംബന്ധിച്ച മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, കണ്ടിജന്റ് ചെലവുകൾ, വെള്ളക്കരം, വൈദ്യുത ചാർജ് തുടങ്ങിയ അനിവാര്യ/പൊതു ചുമതലകൾ നിറവേറ്റുന്നതിനാവശ്യമായ തുക മാറ്റിവെച്ച ശേഷം മിച്ചം വരുന്ന തുക വിഭവ സ്രോതസ്സായി പദ്ധതിയിൽ ഉൾപ്പെടുത്താൻ മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്. താഴെ പറയുന്ന ചെലവ് പ്രൊജക്ട് തയ്യാറാക്കാതെ ഉള്ളതാണ്.

| | |
|---|---|
| പ്രോജക്ട് -ഇല്ല | പേര് -തൊഴിലുറപ്പിന് യു.പി.എസ് വാങ്ങൽ |
| അടങ്കൽ -40000/- (തനത് ഫണ്ട്) | ചെലവ് -39000/- |
| നിർവ്വഹണം – സെക്രട്ടറി | വൗച്ചർ നമ്പർ-21700457/13.12.17 |
| തുകസ്റ്റ് കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല | FIECOR SOLAR ENERGY, തിരൂരിന് 39000/-രൂപ നൽകിയതിന് GST/VAT രജിസ്ട്രേഷൻ അടങ്ങിയ ബിൽ ഹാജരാക്കിയിട്ടില്ല. ഹാജരാക്കാത്ത പക്ഷം GST ഇനത്തിൽ 18 ശതമാനം തുക ഈടാക്കി അടാവാക്കേണ്ടതാണ്. തുക 39000/-രൂപ തടസ്സപ്പെടുത്തുന്നു. |

ജി.എസ്.റ്റി ബില്ല് ലഭ്യമാക്കേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ -8/17-18/11.3.2019) ക്ക് സമർപ്പിച്ച മറുപടിയിൽ 'ജി.എസ്.റ്റി ഇല്ലാത്ത ചെറുകിടക്കാരിൽ നിന്ന് നികുതി സ്വീകരിക്കുന്നതിനുള്ള സമയ പരിധി 31.3.2018 വരെ നീട്ടിയിട്ടുണ്ടെന്നത് സ്വീകാര്യമല്ല. അത്തരം സംഗതിയിൽ നിർവ്വഹണോദ്യോഗസ്ഥർ ഈടാക്കി അടവാക്കാൻ ബാദ്ധ്യസ്ഥരാണ്. ആയത് അടവാക്കിയ രേഖ ലഭ്യമാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

# 3-12 പഞ്ചായത്തുകൾക്ക് വിഹിതം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

| | |
|---|---|
| (1)പ്രോജക്ട് -91/18<br>(2)പ്രൊജക്ട് -6/18 | (1)പേര് -തലക്കാട് ഗ്രാമ പഞ്ചായത്തിന് മാലിന്യ സംസ്കരണ പ്ലാൻറിന് വിഹിതം<br>(2)പേര് -തലക്കാട് ഗ്രാമ പഞ്ചായത്തിന് പൂക്കൈത കുടിവെള്ള പദ്ധതിക്ക് വിഹിതം |
| (1)അടങ്കൽ - 500000 (പ്ലാൻ-ജന )<br>2അടങ്കൽ – 700000 (പ്ലാൻ-ജന ) | (1)ചെലവ് -500000/-<br>(2)ചെലവ് -700000/- |
| നിർവ്വഹണം -സെക്രട്ടറി | (1)ബിൽ നം-23/17-18/11.1.2018<br>(2)ബിൽ നം-26/17-18/18.1.2018 |

തലക്കാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ വിനയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. തുക 1200000/-രൂപ തടസ്സപ്പെടുത്തുന്നു.

# 3-13 വെട്ടം, പുറത്തൂർ സി.എച്ച്.സി.കൾക്ക് അവശ്യ മരുന്ന് വാങ്ങൽ - രേഖകൾ പരിശോധനക്ക്

ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് - വെട്ടം, പുറത്തൂർ സി.എച്ച്.സി.കൾക്ക് അവശ്യ മരുന്ന് വാങ്ങൽ

നം. - S036/18 അടങ്കൽ : 8,00,000 (MG-NR)

(1)ബിൽ നം. 7/22-01-18 : 5,67,427/- (2)ബിൽ നം. 9/15-03-18 : 2,32,573/-

മെഡിക്കൽ ഓഫീസർ സി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ട് പ്രകാരം വെട്ടം, പുറത്തൂർ സി.എച്ച്.സി.കളിലേക്ക് അവശ്യ മരുന്ന് വാങ്ങുന്നതിനായി രണ്ട് ബില്ലുകളിലായി KMSCLന് മേൽ ബില്ലുകൾ പ്രകാരം 8 ലക്ഷം രൂപ നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായതിൻേറയും ആയത് സ്റ്റോക്കിലെടുത്ത്, ബന്ധപ്പെട്ട സി.എച്ച്.സി.കളിലേക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. തുക 800000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-14 ഭിന്നശേഷിക്കാർക്ക് സ്ഖോളർഷിപ്പ് വിഹിതം -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം

| | |
|---|---|
| (1)പ്രോജക്ട് -5/18 | (1)പേര് -ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് വിഹിതം |
| (1)അടങ്കൽ -1175000 (പ്ലാൻ -ജന) | (1)ചെലവ് -1175000/- |
| നിർവ്വഹണം -സെക്രട്ടറി | (1)ബിൽ നം-6/17-18/11.8.2017 -980000<br>(2)ബിൽ നം-20/17-18/18.11.2017 -195000 |
| പഞ്ചായത്ത് സെക്രട്ടറിമാരുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | (1)വെട്ടം ഗ്ര.പ -165000/-<br>(2) തിരുനാവായ -200000/-<br>(3) തലക്കാട് ഗ്ര.പ -165000/-<br>(4) പുറത്തൂർ ഗ്രാ.പ 450000/-<br>(5) തൃപ്പങ്ങോട് ഗ്ര.പ 195000/- |

ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ വിനയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/17-18/11.3.19) ആയത് ലഭ്യമാക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്.

# 3-15 രശീതിയും, വിനിയോഗ വിവരവും ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് : പാലിനു സബ്സിഡി - ഗ്രാമ പഞ്ചായത്തിന് വിഹിതം പ്രൊജക്ട് നം. : S008/18,

നിർവ്വഹണം : ഡയറി എക്സ്റ്റെൻഷൻ ഓഫീസർ

അടങ്കൽ -700000/-

ബിൽ നം.1/15-01-2019 : 3,00,000 (Plan) ബിൽ നം.2/16-01-2019 : 4,00,000 (Plan)

മേൽ പ്രൊജക്ട് പ്രകാരം 5 ഗ്രാമ പഞ്ചായത്തുകൾക്ക് ആകെ 7,00,000/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി താഴെ കാണും പ്രകാരം നൽകിയിട്ടുണ്ട്.

| ക്ര.നം. | ഗ്രാമ പഞ്ചായത്ത് | നൽകിയ തുക |
|---|---|---|
| 1 | മംഗലം | 3,00,000 |
| 2 | വെട്ടം | 1,50,000 |
| 3 | തിരുനാവായ | 50,000 |
| 4 | പുറത്തൂർ | 50,000 |
| 5 | തൃപ്രങ്ങോട് | 1,50,000 |
| **ആകെ** | | **7,00,000** |

ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുള്ള രശീതിയും, വിനിയോഗ വിവരവും ലഭ്യമാക്കേണ്ടതാണ്. മുഴുവൻ തുകയും വിനിയോഗിക്കാത്ത സ്ഥാപനങ്ങളിൽ നിന്ന് ശേഷിക്കുന്ന തുക തിരിച്ചടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു.

# 3-16 സി.എച്ച്.സി.കൾക്ക് ആവശ്യമായ ലാബ് ഉപകരണങ്ങൾ വാങ്ങൽ -രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് - വെട്ടം, പുറത്തൂർ സി.എച്ച്.സി.കൾക്ക് ആവശ്യമായ ലാബ് ഉപകരണങ്ങൾ വാങ്ങൽ

നം. - S037/18 അടങ്കൽ : 2,00,000 (MG-NR)

ബിൽ നം. 5/13-10-17 : 68,055/- ബിൽ നം. 5/20-01-18 : 77,705/-

ബിൽ നം. 10/15-03-18 : 54,240/-

മെഡിക്കൽ ഓഫീസർ സി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ട് പ്രകാരം വെട്ടം, പുറത്തൂർ സി.എച്ച്.സി.കളിലേക്ക് ലാബ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി വിവിധ സ്ഥാപനങ്ങൾക്ക് മേൽ ബില്ലുകൾ പ്രകാരം തുകകൾ നൽകിയിട്ടുണ്ട്.

ഉപകരണങ്ങൾ ലഭ്യമായതിൻേറയും ആയത് സ്റ്റോക്കിലെടുത്ത്, ബന്ധപ്പെട്ട ലാബുകളിലേക്ക് വിതരണം ചെയ്തതിന്റെയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു.

# 3-17 പഞ്ചായത്തിന് ക്രീമിറ്റോറിയം പ്ലാന്റിന് വിഹിതം-വിനിയോഗ വിവരം ലഭ്യമാക്കണം

| | |
|---|---|
| (1)പ്രോജക്ട് -21/18 | (1)പേര് – തിരുനാവായ ഗ്രാമ പഞ്ചായത്തിന് ക്രീമിറ്റോറിയം പ്ലാന്റിന് വിഹിതം നൽകൽ |
| (1)അടങ്കൽ-700000/- | ചെലവ് -700000/- |
| നിർവ്വഹണം –സെക്രട്ടറി | (1)ബിൽ നം-8/17-18/10.8.2017 |

തിരുനാവായ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പദ്ധതി പൂർത്തീകരണം സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു.

# 3-18 സംരംഭകത്വ പ്രോത്സാഹന പദ്ധതി - തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

പ്രൊജക്ട് : സംരംഭകത്വ പ്രോത്സാഹനം- റിവോൾവിംഗ് ഫണ്ട്

നം. - S0027/18 അടങ്കൽ : 3,00,000 (പ്ലാൻ-ജനറൽ)

(1)ബിൽ നം. 1/28-03-18 തുക: 3,00,000/-

ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം 3,00,000 രൂപ പവിത്രം ഫുഡ് പ്രൊസസിംഗ് യൂനിറ്റ് ഒട്ടുംപുറം, ആലത്തിയൂർ ന് റിവോൾവിംഗ് ഫണ്ട് ഇനത്തിൽ നൽകിയിട്ടുണ്ട്. പദ്ധതി പരിശോധനയിൽ കണ്ട താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു-

1. കരാർ പ്രകാരം, സബ്സിഡി തുക ബാങ്കിലേക്ക് കൈമാറിയത് മുതൽ മൂന്ന് മാസത്തിനുള്ളിൽ സംരംഭം പ്രവർത്തനമാരംഭിക്കേണ്ടതാണ്. എന്നാൽ, മെഷിനറി വാങ്ങിയെങ്കിലും നാളിതുവരെ ഒട്ടുംപുറത്തെ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചിട്ടില്ല.

2. B/IND/17-18A/06-03-18 കത്ത് പ്രകാരം ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ ശുപാർശ ചെയ്ത ലോൺ തുക 4,60,000 രൂപയാണ്. എന്നാൽ ബാങ്ക് ഓഫ് ഇന്ത്യ, തിരൂർ നൽകിയ ലോൺ 5,30,000 രൂപയാണ്. വ്യത്യാസത്തിൻെറ കാരണം വിശദീകരിക്കേണ്ടതാണ്.

3. 27-02-2019 ന് ആദ്യ ഗഡു 6,250 രൂപ തിരിച്ചടവാക്കിയിട്ടുള്ളത് ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറുടെ പേരിൽ ബാങ്ക് ഓഫ് ഇന്ത്യ, തിരൂരിൽ ആരംഭിച്ച അക്കൗണ്ടിലേക്കാണ് (നം.850573410000015). ബ്ലോക്ക് പഞ്ചായത്തിൻെറ വാർഷികക്കണക്കിൽ ഉൾപ്പെടാത്ത ഈ തിരിച്ചടവ് വിവരം മോണിറ്റർ ചെയ്യുന്നതിനും, ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതിനും ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. തുക തടസ്സപ്പെടുത്തുന്നു.

# 3-19 HMC - വരവു-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 9 ഉപവകുപ്പ് (1) പ്രകാരം ഒരു സാമ്പത്തിക വർഷം

അവസാനിച്ച് 4 മാസത്തിനകം (ജൂലൈ 31) HMC കളുടെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിലെ സി.എച്ച്.സി. പുറത്തൂരിൻെറ 2008-09 മുതൽ 2017-18 വരെയുള്ള വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല., സി.എച്ച്.സി. വെട്ടത്തിൻെറ 2015-16 മുതൽ 2017-18 വരെയുള്ള വരവ്-ചെലവ് കണക്കുകളും ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

ആശുപത്രി വികസന സമിതികളുടെ വരവ്-ചെലവ് കണക്കുകൾ ഓരോ വർഷവും ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ലഭ്യമാക്കാൻ അവശേഷിക്കുന്ന വരവ്-ചെലവ് കണക്കുകൾ അടിയന്തിരമായി സമർപ്പിക്കാൻ കർശന നിർദ്ദേശം നൽകേണ്ടതുമാണ്.

# 3-20 രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

പ്രൊജക്ട് - നെൽ കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി പ്രൊജക്ട് നം. - S042/18

അടങ്കൽ : 14,02,500 (പ്ലാൻ-ജനറൽ) (1) ബിൽ നം. 1/27-09-17 : 10,62,500/-

(2)ബിൽ നം. 2/24-11-17 : 3,40,000/-

കൃഷി അസിസ്റ്റൻറ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം താഴെപ്പറയുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകിയിട്ടുണ്ട്.

| ക്ര. നം. | ഗ്രാമ പഞ്ചായത്ത് | തുക |
|---|---|---|
| 1 | തിരുനാവായ | 2,55,000 |
| 2 | മംഗലം | 1,06,250 |
| 3 | പുറത്തൂർ | 2,76,250 |
| 4 | തൃപ്രങ്ങോട് | 4,25,000 |
| 5 | വെട്ടം | 85,000 |
| 6 | തലക്കാട് | 2,55,000 |
| | ആകെ | 14,02,500 |

(1)ആറ് ഗ്രാമ പഞ്ചായത്തുകളും തുക കൈപ്പറ്റിയതിൻെറ രശീതി പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

(2)പുറത്തൂർ ഒഴികെയുള്ള ഗ്രാമ പഞ്ചായത്തുകളുടെ സെക്രട്ടറിമാർ പ്രസ്തുത തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പരാമർശിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 1126250/-രൂപ തടസ്സം ചെയ്യുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വിനിയോഗം

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം-

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 33 | 1999-2000 | | യൂണിഫോം തുണി നൽകൽ അപാകതകൾ 152122/- രൂപ | നിയമസഭ സമിതിയുടെ പരിഗണനയിൽ |
| 2005-06 | 2-6 | 2008-09 | | ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് ബോട്ടുകൾ വാങ്ങിയത്- ഉപയോഗ ശൂന്യം | പരാമർശം നിലനിൽക്കുന്നു. |
| 2005-06 | 2-7 | 2008-09 | | എസ്.എച്ച്. ജില്ലകൾക്ക് ധനസഹായം നൽകിയത്- ദുരുപയോഗം | പരാമർശം നിലനിൽക്കുന്നു. |

# 4-8 ചാർജ്ജ് /സർചാർജ്ജ് നടപടി വിവരങ്ങൾ

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 65447123 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 88724846 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 59217/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12773699/- |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 59217 | അസി.എക്സി.എൻജിനിയർ, ഷൈബി ജോർജ്ജ് |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 262500 | മെഡിക്കൽ ഓഫീസർ, ഡോ.മുജീബ് റഹ്മാൻ |
| 3-3 | 112805 | സി.ഡി.പി.ഒ, ശ്രീമതി.രമ.ഒ.പി |
| 3-4 | 97664 | സി.ഡി.പി.ഒ, ശ്രീമതി.രമ.ഒ.പി |
| 3-5 | 246080 | സെക്രട്ടറി, ശ്രീ.മെൽവിൻ .സി.എഫ് |
| 3-6 | 333200 | സെക്രട്ടറി, ശ്രീ.മെൽവിൻ .സി.എഫ് |
| 3-7 | 500000 | സെക്രട്ടറി, ശ്രീ.അനീഷ്.എസ്. |
| 3-8 | 790000 | സെക്രട്ടറി, ശ്രീമതി.ആതിര.എ |
| 3-9 | 1863000 | സെക്രട്ടറി, ശ്രീമതി.ആതിര.എ -1000000/-<br>സെക്രട്ടറി, ശ്രീ.അനീഷ്.എസ് -863000/- |
| 3-10 | 2265000 | സെക്രട്ടറി, ശ്രീമതി.മെൽവിൻ.സി.എഫ്-1410833/-<br>സെക്രട്ടറി, ശ്രീ.അനീഷ്.എസ്. -654167/-<br>സെക്രട്ടറി, ശ്രീമതി.ആതിര.എ -200000/- |
| 3-11 | 102200 | സെക്രട്ടറി, ശ്രീമതി.ആതിര.എ |
| 3-12 | 1200000 | സെക്രട്ടറി, ശ്രീമതി.ആതിര.എ -500000/- |

| | | |
|---|---|---|
| | | സെക്രട്ടറി, ശ്രീ.അനീഷ്.എസ്. -700000/- |
| 3-13 | 800000 | മെഡിക്കൽ ഓഫീസർ, ഡോ.മുജീബ് റഹ്മാൻ |
| 3-14 | 1175000 | സെക്രട്ടറി, ശ്രീമതി.ആതിര.എ -195000/-<br>സെക്രട്ടറി, ശ്രീമതി.മെൽവിൻ -980000/- |
| 3-15 | 700000 | ഡി.ഇ.ഒ, അബ്ദുൾ മഹറൂഫ് |
| 3-16 | 200000 | മെഡിക്കൽ ഓഫീസർ, ഡോ.മുജീബ് റഹ്മാൻ |
| 3-17 | 700000 | സെക്രട്ടറി, ശ്രീമതി.മെൽവിൻ |
| 3-18 | 300000 | വ്യവസായ ഓഫീസർ, ശ്രീ.വിനോദ്.വി |
| 3-20 | 1126250 | എ.ഡി.എ, ശ്രീമതി.സുഷമ .ഒ.പി |
| ആകെ | 12773699 | |

**സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അസി.എക്സി.എൻജിനിയർ, ഷൈബി ജോർജ്ജ് | എക്സി.എൻജിനിയർ, തൃശ്ശൂർ കോർപ്പറേഷൻ | സി.-10, കാളിന്ദി റസിഡൻസി, നോർത്ത് ബസ്സാൻറ്, തൃശ്ശൂർ-20 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | എൽ.എഫ്.എം. 4/3373(7)/14 തിയ്യതി 20-07-2015 | 15 |
| 05-06 | എൽ.എഫ്.എം. 4/3373(8)/14 തിയ്യതി 20-07-2015 | 6 |
| 06-07 | എൽ.എഫ്.എം. 4/3373(9)/14 തിയ്യതി 20-07-2015 | 3 |
| 07-08 | എൽ.എഫ്.എം. 4/3373(10)/14 തിയ്യതി 20-07-2015 | 15 |
| 08-09 | എൽ.എഫ്.എം. 4/3373(11)/14 തിയ്യതി 20-07-2015 | 7 |
| 09-10 | എൽ.എഫ്.എം. 4/3373(12)/14 തിയ്യതി 20-07-2015 | 6 |

| | | |
|---|---|---|
| 10-11 | എൽ.എഫ്.എം. 4/3373(13)/14 തിയ്യതി 20-07-2015 | 9 |
| 11-12,12-13 | എൽ.എഫ്.എം. 4/3373(14)/14 തിയ്യതി 20-07-2015 | 10 |
| 13-14 | എൽ. എഫ്. എം.4/2487/ 2014 തിയ്യതിঃ 28.10.2014 | 9 |
| 14-15 | നം.കെ.എസ്.എ.എം.പി.എം.4/2532/15 തിയ്യതി:17-11-2015 | 12 |
| 15-16 | നം.കെ.എസ്.എ.എം.പി.എം.(4)/ | 25 |
| 16-17 | നം.കെ.എസ്.എ.എം.പി.എം.(4)/2533/2017/ 5.12.2017 | 9 |

കുറിപ്പ്:തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിന് ഭരണസമിതിയുടെ ത്വരിതഗതിയിലുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് ഓഫീസ് മലപ്പുറം**

# അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.എം.പി.എം.(4)1251/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം -മലപ്പുറം

ഫോൺ 0483-2734951

തീയ്യതി-12.7.2018

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടസ് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും 22-05-2018ലെ (സാധാ) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ **തിരൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**സംസ്ഥാന ഓഡിറ്റ് വകുപ്പ്**